ഇതവസാനിപ്പിക്കാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്. നിയമം പാസാക്കിയതുകൊണ്ടു മാത്രം ഇത് അവസാനിക്കുകയില്ല.

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതു സംബന്ധിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിമവേല സമ്പ്രദായം ഇപ്പോഴും നടക്കുന്നുണ്ടെന്ന് വ്യക്തമായി തെളിയിച്ചാൽ അതിന് ഗവൺമെൻറ് നടപടികൾ എടുക്കും.

ശ്രീ. പി. ആർ. കുറുപ്പ്: വയനാട്ടിൽ വസ്തുക്കൾ വിൽക്കുമ്പോൾ വസ്തു ഉടമസ്ഥൻമാർ വസ്തുവിൽ ഉൾക്കൊള്ളുന്ന കുടിലുകളും കുടിലുകളിൽ താമസിക്കുന്ന ഇന്നയിന്ന ആളുകളും എന്നു പറഞ്ഞുകൊണ്ട് തീറാധാരം റജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വസ്തുതകൾ ചൂണ്ടിക്കാണിച്ചാൽ കർശനമായ നടപടി എടുക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി എടുക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അടിമവേലയിൽ ഏർപ്പെട്ടിരുന്നു എന്ന് ഐഡൻറിഫൈ ചെയ്തിട്ടുള്ള ആളുകൾക്ക് ജോലി കൊടുക്കാനായിട്ട് 750 ഏക്കർ സ്ഥലം, ഫോറസ്റ്റ് ലാൻറ് ഏലം കൃഷി ചെയ്യാനുള്ള പണിക്കുവേണ്ടി എടുത്തിരുന്നു. അതിൻെറ വിശദാംശങ്ങൾ വിശദമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇങ്ങനെ ഒരു പദ്ധതി നിലവിലുണ്ട്. അതു സംബന്ധിച്ച് ട്രൈബൽ ഡിപ്പാർട്ടുമെൻറ് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അവിടെ ആദിവാസികളെ—ബോണ്ടഡ് ലേബറേഴ്സിനെ താമസിപ്പിച്ച് അവർക്ക് ജോലി കൊടുക്കുന്നുണ്ട്.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉപദേശക സമിതി

*402 [426] ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. വക്കം പുരുഷോത്തമൻ:

ശ്രീ. പി. ബാലൻ:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉപദേശക സമിതി രൂപീകരിച്ചതിൻെറ മാനദണ്ഡമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മിറ്റിയിൽ വിവിധ രാഷ്ട്രീയ പാർട്ടികൾക്കുള്ള പ്രാതിനിധ്യം ഏതു രീതിയിലാണ്;

(സി) ഈ സമിതി പുന:സംഘടിപ്പിക്കുന്നതെന്നാണ്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) വിദ്യാർത്ഥികൾ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ മുതലായ വിവിധ താൽപ്പര്യങ്ങൾക്ക് പ്രാതിനിധ്യം നൽകിയാണ് രൂപീകരിക്കുന്നത്.

(ബി) ഉപദേശക സമിതിയിൽ വിവിധ രാഷ്ട്രീയ കക്ഷികളിലെ പ്രവർത്തകരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകമായി രീതികളൊന്നുമില്ല.

(സി) ഉടനെ പുന:സംഘടിപ്പിക്കുന്നുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ എണ്ണം നിശ്ചയിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; നിയമസഭയിലെ അംഗങ്ങളുടെ അടിസ്ഥാനത്തിലാണോ, മറെറന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എണ്ണം നിശ്ചയിക്കുന്നത് ഗവൺമെൻറാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: എന്തു മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണ്. ഓരോ പാർട്ടിക്കും എത്ര ശതമാനമെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇന്ന പാർട്ടിയിൽനിന്ന് ഇത്ര ആളുകളെ എടുത്തു കൊള്ളണമെന്ന് നിർബന്ധമൊന്നുമില്ല. ഓരോ രാഷ്ട്രീയ പാർട്ടിയും എഴുതിത്തരുന്ന ആളുകളെ ഉൾപ്പെടുത്തുന്നു എന്നു മാത്രം.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: ഉപദേശക സമിതിയുടെ പ്രവർത്തന സ്വഭാവം വ്യക്തമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഉപദേശം കൊടുക്കുകയെന്നാണ് സാധാരണ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: ഈ സമിതിയുടെ ഉപദേശം എന്തെങ്കിലും ഗവൺമെൻറ് സ്വീകരിക്കാറുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്വീകരിക്കണമെന്നില്ല.

ശ്രീ പി. ആർ. കുറുപ്പ്: ഉപദേശക സമിതി സംസ്ഥാനാടിസ്ഥാനത്തിൽ നിലവിലിരിക്കെ ജില്ലാ തലസ്ഥാനങ്ങളിലെല്ലാം ബഹുമാനപ്പെട്ട മന്ത്രി സഞ്ചരിച്ച് കൺസൽട്ടേറ്റീവ് കമ്മിറ്റികൾ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് പല തീരുമാനങ്ങളും എടുത്തിരുന്നു. അത് ഉപദേശക സമിതി മുമ്പാകെ ചർച്ച ചെയ്തിരുന്നോ; കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ തീരുമാനവും ഉപദേശക സമിതിയുടെ തീരുമാനവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ഉപദേശക സമിതി സംബന്ധിച്ചുള്ള പൊതുവായ കാര്യങ്ങളെപ്പറ്റി ഉപദേശിക്കാൻ വേണ്ടിയുള്ളതാണ്. അതിൽ സ്വീകരിക്കേണ്ടത് സ്വീകരിക്കും. കൺസൽട്ടേറ്റീവ് കമ്മിറ്റികൾ അതാതു ജില്ലകളിൽ ഉടനെ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി തീരുമാനമെടുക്കുന്നതാണ്. രണ്ടും തമ്മിൽ അൽപം വ്യത്യാസമുള്ളതുകൊണ്ട് പൊരുത്തപ്പെട്ടുപോവുകയില്ല.

ശ്രീ. പി. സി. ജോസഫ്: ഈ ട്രാൻസ്പോർട്ട് ഉപദേശക സമിതി കുറേക്കൂടി ഇഫക്റ്റീവാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഉപദേശക സമിതിയിലെ അംഗങ്ങൾ വിചാരിച്ചാൽ മാത്രമേ ഇഫക്റ്റീവ് ആകുകയുള്ളു. യോഗങ്ങൾ കൂടുകയും അങ്ങനെ കൂടുമ്പോൾ അഭിപ്രായങ്ങൾ പറയുകയും അതു നടപ്പാക്കിയില്ലെങ്കിൽ അടുത്ത യോഗത്തിൽ ചോദിക്കുകയും ഒക്കെ ചെയ്തെങ്കിൽ മാത്രമേ ഇഫക്റ്റീവ് ആകുകയുള്ളു.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: ഇന്നിപ്പോൾ എത്ര പാർട്ടികളിൽ പെട്ട ജീവികളെയാണ് കുത്തി നിറച്ചിട്ടുള്ളത്. ഇനി ഇതു പുനഃസംഘടിപ്പിക്കുമ്പോഴെങ്കിലും യഥാർത്ഥ ജനങ്ങളുടെ പ്രതിനിധികളെ കണക്കിലെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ജനങ്ങളല്ലാതെ മറ്റൊരു വിഭാഗത്തിൽ പെട്ട ജീവികളെയും ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. പി. എസ് തോമസ്: നിലവിലുള്ള ട്രാൻസ്പോർട്ട് ഉപദേശക സമിതി അതിന്റെ പല യോഗങ്ങളും ചേർന്നിട്ട് കോറം ഇല്ലെന്നുള്ള റിപ്പോർട്ട് പത്രങ്ങളിൽ വന്നിട്ടുണ്ട്, ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ആ സ്ഥിതി എന്തുകൊണ്ടു സംഭവിക്കുന്നു? ഈ കേരള നിയമസഭയിലുള്ള അംഗങ്ങളേക്കാൾ കൂടുതലാണ് ട്രാൻസ്പോർട്ട് അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. പാർട്ടികൾ തരുന്ന ലിസ്റ്റു മുഴുവൻ സ്വീകരിക്കുമെന്നാണ് മന്ത്രി പറഞ്ഞത്. ഇതൊരു ചീത്ത സമ്പ്രദായം ആണെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ഇഫക്റ്റീവ് ആയ നിലയിൽ പ്രവർത്തിക്കുവാനുള്ള എണ്ണം നിശ്ചയിക്കുകയും കോറം നിശ്ചയിക്കുകയും അവരുടെ ശുപാർശകൾ സ്വീകരിക്കുകയും ചെയ്യുന്ന സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേരള നിയമസഭയിലെ അംഗങ്ങളോളമില്ല ഉപദേശകസമിതിയിൽ. ആളുകൾ യോഗത്തിനു വരാത്തതെന്താണെന്നു ചോദിച്ചാൽ അതിനുള്ള മറുപടി അവർ വരാത്തതുകൊണ്ടു മാത്രമാണെന്നേ പറയാൻ കഴിയൂ. മൂന്നു പ്രാവശ്യം തുടർച്ചയായി വരാതിരിക്കുമ്പോൾ മാറ്റാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മൂന്നുനാലു യോഗങ്ങൾ കോറം ഇല്ലാത്തതുകൊണ്ടു കൂടാൻ കഴിയാതെ പോയി. അംഗങ്ങളുടെ ചുമതല അവർ നിർവ്വഹിക്കണം. അല്ലാതെയാത്ര മാത്രമല്ല ഇതിന്റെ കാര്യങ്ങളെന്നു ആലോചിക്കണം. പുതിയ പുനഃസംവിധാനത്തോടുകൂടി കർശനമായി ആളുകൾ വരാതെയുണ്ടെങ്കിൽ അവരെ മാറ്റാൻവേണ്ടി തീരുമാനമെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോഴത്തെ നിലവിലുള്ള ഉപദേശകസമിതി പലപ്പോഴും വർഷങ്ങളായി പ്രവർത്തിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ഇതു പിരിച്ചു വിട്ട് പുതിയ ഒരു ഉപദേശക സമിതി രൂപീകരിക്കുമ്പോഴെങ്കിലും നമ്പർ കുറച്ച് ഇഫക്റ്റീവ് ആക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പുതിയ ഉപദേശക സമിതിയുടെ പേരു കൊടുത്തു കഴിഞ്ഞു. ഇനി അതിന്റെ നമ്പർ കുറയ്ക്കാൻ സാദ്ധ്യമല്ല. ക്രമക്കേടുകളും കാണിക്കുന്നവരെ പിരിച്ചു വിടാൻ കഴിയും.

ശ്രീ. പി. ശങ്കർ: ഇപ്പോഴുള്ള ഉപദേശക സമിതിയിൽ എത്ര പേരുണ്ട്, അതിന്റെ കോറം എത്രയാണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: പുതിയ ഉപദേശക സമിതിയുടെ പേരു കൊടുത്തു കഴിഞ്ഞു. അതു കോർപ്പറേഷൻ സ്വീകരിച്ചും കഴിഞ്ഞു. മുമ്പുള്ളവരെ പിരിച്ചു വിടുകയും ചെയ്തു. രണ്ടിന്റേയും നമ്പർ 130 വീതമാണ്.

## കൊച്ചി-ഗൾഫ് കപ്പൽ ഗതാഗതം

*403 [427] ശ്രീ. എ. എൻ. യൂസഫ്:
ശ്രീ. പി. ശങ്കർ:
ശ്രീ. സി. എ. കുര്യൻ:
ശ്രീ. വി. കെ. രാജൻ:
ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽനിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികളും എത്രത്തോളമായി;

(സി) യാത്രക്കപ്പലിൽ എത്രയാളുകളെ കൊണ്ടുപോകുന്നതിനു ഉദ്ദേശിക്കുന്നുണ്ട്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ), (ബി), (സി). കേരള ഗവൺമെന്റിനു തൽക്കാലം ഉദ്ദേശമില്ല. ഒരു സ്വകാര്യ കമ്പനിക്കു പരിപാടിയുണ്ട് എന്ന പത്ര റിപ്പോർട്ടുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ശ്രീ. പി. ശങ്കർ: ഇതു ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു പറഞ്ഞു. അത് എന്തെങ്കിലും ആരംഭിക്കുവാനുള്ള പരിപാടിയുണ്ടോ? അതു സംബന്ധിച്ച് എന്തെങ്കിലും നടക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവൺമെന്റിനു നേരിട്ടു നടത്താൻ ഉദ്ദേശമില്ല. ഒരു പ്രൈവറ്റു കമ്പനിക്കു ഉദ്ദേശമുണ്ടെന്നു പറഞ്ഞു. ഗവൺമെന്റിനെ സമീപിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അപ്പോൾ ആലോചിക്കാം.

ശ്രീ. വി. കെ. രാജൻ: കൊച്ചിയിൽനിന്നും ഗൾഫിലേക്കു കപ്പലിൽ യാത്ര ചെയ്യാൻ എത്ര ദിവസം വേണ്ടി വരുമെന്നു കണക്കെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly